# പതിനഞ്ചാം കേരളനിയമസഭ
# ഒൻപതാം സമ്മേളനം

## ബഹു. സ്പീക്കറുടെ റൂളിംഗ്
13-09-2023

## നിയമനിർമ്മാണം

## ഗവർണ്ണറുടെ അനുമതി ലഭിച്ച ആക്ട് യഥാസമയം സഭയിൽ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തിയത് സംബന്ധിച്ച്

2023 സെപ്റ്റംബർ 13-ാംം തീയതി നിയമസഭ പാസ്സാക്കുകയും 2023 നവംബർ 12-ാംം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും നവംബർ 15-ാംം തീയതി ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്ത 2023-ലെ കേരള കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണ മിശ്രിതം (നിർമ്മാണവും സംഭരണവും വിതരണവും വിൽപ്പനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) ആക്ട് തൊട്ടടുത്ത സമ്മേളനത്തിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുപകരം 2024 ജൂൺ 27-ാംം തീയതിയാണ് സഭയുടെ മേശപ്പുറത്ത് വച്ചതെന്നും ഇക്കാര്യത്തിൽ നീണ്ട കാലതാമസം ഉണ്ടായിട്ടുണ്ടെന്നും ഇതൊഴിവാക്കാൻ കർശന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം സ്പീക്കർ പുറപ്പെടുവിച്ച നിർദേശം നമ്പർ 13 പരിഷ്കരിച്ച് റൂളിംഗ് നൽകണമെന്നും 2024 ജൂലൈ 8-ാംം തീയതിയിലെ നിയമസഭാ നടപടിക്രമങ്ങളിൽ റിപ്പോർട്ട് സമർപ്പണത്തിനുശേഷം ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

ആക്ട് യഥാസമയം സഭയിൽ സമർപ്പിക്കാത്തത് ബോധപൂർവ്വമല്ലെന്നും മൂലഭാഷയായ മലയാളത്തിലുള്ള ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷ പിന്നീടാണ് ഗവർണ്ണർക്ക് അയച്ച് അനുമതി ലഭിച്ചുവന്നതെന്നും പ്രത്യേകം വ്യവസ്ഥകളൊന്നുമില്ലാത്തതിനാൽ ഇവ രണ്ടും ഒരുമിച്ച് സഭയിൽ സമർപ്പിക്കാമെന്ന് കരുതിയതിനാലാണ് കാലതാമസം

നേരിട്ടതെന്നും ഇത് ആവർത്തിക്കാതിരിക്കാനുള്ള നിലപാട് ബന്ധപ്പെട്ട വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്നും അതോടൊപ്പം ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്നും നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി+.

"ദീർഘകാലമായി നിലനിൽക്കുന്ന ഒരു നടപടിക്രമവും സഭയുടെ അവകാശവുമാണ് ഇവിടെ ലംഘിക്കപ്പെട്ടിരിക്കുന്നത്. ഗവർണ്ണറുടെ അനുമതി ലഭിച്ച ഈ നിയമത്തിന്റെ മൂലഭാഷയായ മലയാളത്തിലുള്ള വിജ്ഞാപനം 2023 നവംബർ 15-ാം തീയതി സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും അതിന്റെ ഇംഗ്ലീഷിലുള്ള ആധികാരിക പകർപ്പുകൂടി പ്രസിദ്ധീകരിച്ചതിനുശേഷം ഒരുമിച്ച് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലേക്ക് ലഭ്യമാക്കാം എന്ന് കരുതിയതുമൂലമാണ് ഇക്കാര്യത്തിൽ കാലതാമസം നേരിട്ടതെന്ന് നിയമ വകുപ്പ് സെക്രട്ടറി നേരിട്ട് ഹാജരായി വിശദീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബോധപൂർവ്വമായ വീഴ്ചവരുത്തിയിട്ടില്ലെന്നും സംഭവിച്ച കാര്യങ്ങളിൽ ഖേദം രേഖപ്പെടുത്തുന്നതായും ഇത്തരം ഗുരുതര വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകുന്നതാണെന്നും നിയമ സെക്രട്ടറി അറിയിച്ചിരുന്നു. ഇത്തരത്തിലുള്ള വീഴ്ചകൾ യാതൊരു കാരണവശാലും ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന കർശന നിർദ്ദേശം അദ്ദേഹത്തിന് നൽകിയിട്ടുമുണ്ട്.

സഭ പാസ്സാക്കിയ ഒരു ബിൽ നിയമമായി പ്രസിദ്ധീകരിക്കപ്പെട്ട് കഴിഞ്ഞാലുടൻ അക്കാര്യം അംഗങ്ങളുടെ അറിവിലേക്കായി എത്രയുംവേഗം സഭയുടെ മേശപ്പുറത്തു വയ്ക്കുക എന്നത് 1989 മുതൽ നമ്മുടെ സഭയിൽ നടന്നുവരുന്ന ഒരു നടപടിക്രമമാണ്. 1989 ജൂൺ 2-ാം തീയതി അന്നത്തെ സ്പീക്കർ പുറപ്പെടുവിച്ച ഒരു ഡയറക്ഷന്റെ അടിസ്ഥാനത്തിലാണ് ഈ

+.

നടപടിക്രമം ആരംഭിച്ചത്. പ്രസ്തുത ഡയറക്ഷൻ ചെയറിൽ നിന്നുള്ള മറ്റ് നിർദ്ദേശങ്ങളോടൊപ്പം നിയമസഭയുടെ നടപടി ചട്ടങ്ങളുടെ അനുബന്ധം I-ൽ പതിമൂന്നാമതായാണ് ചേർത്തിരിക്കുന്നത്. അത്തരത്തിൽ ദീർഘകാലമായി നിലനിൽക്കുന്ന ഒരു നടപടിക്രമവും സഭയുടെ അവകാശവുമാണ് ഇവിടെ ലംഘിക്കപ്പെട്ടിരിക്കുന്നത്.

ഭാവിയിൽ ഇതുപോലുള്ള ഗുരുതര വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ചെയറിന്റെ നിർദ്ദേശം പ്രത്യേകമായി പുറപ്പെടുവിക്കുന്നതും അത് നടപടി ചട്ടങ്ങളുടെ ഭാഗമായി ചേർത്തിട്ടുള്ള അനുബന്ധം I-ൽ ഉൾപ്പെടുത്തുന്നതുമാണ്. അതോടൊപ്പം ഇക്കാര്യം ഒരു ചട്ടവ്യവസ്ഥയായി നടപടി ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്ന കാര്യം കൂടി പരിശോധിക്കുന്നതുമാണ്."